**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3145** **04-08-2021 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം താലൂക്കിൽ മുൻസിഫ് മജിസ്ട്രേറ്റ് കോടതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കാസർകോട് ജില്ലയിലെ മഞ്ചേശ്വരം താലൂക്കിൽ മുൻസിഫ് മജിസ്ട്രേറ്റ് കോടതി സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ; | (എ) | സംസ്ഥാനത്ത് പുതിയ കോടതികൾ സ്ഥാപിക്കുന്നതിലേയ്ക്കായി 02.03.2016 തീയ്യതിയിലെ സ.ഉ.(കൈ) നം.79/2016/ആഭ്യന്തരം പ്രകാരം മുൻഗണനാലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. നിലവിലുള്ള മുൻഗണനാലിസ്റ്റിൽ 61-)മതായിട്ടാണ് കാസർകോട് ജില്ലയിൽ മഞ്ചേശ്വരത്ത് മുൻസിഫ് മജിസ്ട്രേറ്റ് കോടതിയെ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രാധാന്യമനുസരിച്ച് മുൻഗണനാലിസ്റ്റിൽ നിന്ന് കോടതികൾ സ്ഥാപിക്കുകയാണ് ചെയ്യുന്നത്. |
| (ബി) | ഇതിനായി മഞ്ചേശ്വരം ഹൊസബെട്ടു വില്ലേജിലെ ഭൂമി റവന്യൂ വകുപ്പിൽ നിന്നും നീതിന്യായ വകുപ്പിന് കൈമാറി കിട്ടിയിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (ബി) | ഇല്ല. കാസർകോട് ജില്ലാ ജഡ്ജി 27.07.2019 ലെ കത്ത് പ്രകാരം കാസർകോട് ജില്ലാ കളക്ടറോട് മഞ്ചേശ്വരം താലൂക്കിലെ ഹൊസബട്ടു വില്ലേജിലെ റീ സർവ്വെ നം. 105/1 ആയിട്ടുള്ള 75 സെന്റ് സ്ഥലം മുൻസിഫ് മജിസ്ട്രേറ്റ് കോടതിയും ജുഡീഷ്യൽ ഓഫീസർമാർക്കുള്ള ക്വാർട്ടേഴ്സും സ്ഥാപിക്കുന്നതിനായി കൈമാറ്റം ചെയ്യാൻ ആവശ്യപ്പെട്ടിട്ടുണ്ട്. മുൻഗണനാലിസ്റ്റ് പ്രകാരം കോടതി സ്ഥാപിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ കൈക്കൊള്ളാവുന്നതാണ്. |
| (സി) | ഈ വർഷം മഞ്ചേശ്വരം മുൻസിഫ് മജിസ്ട്രേറ്റ് കോടതി പ്രവർത്തനമാരംഭിക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കുമോ? | (സി) | ഇല്ല. കാസർകോട് ജില്ലാ ജഡ്ജി 27.07.2019 ലെ കത്ത് പ്രകാരം കാസർകോട് ജില്ലാ കളക്ടറോട് മഞ്ചേശ്വരം താലൂക്കിലെ ഹൊസബട്ടു വില്ലേജിലെ റീ സർവ്വെ നം. 105/1 ആയിട്ടുള്ള 75 സെന്റ് സ്ഥലം മുൻസിഫ് മജിസ്ട്രേറ്റ് കോടതിയും ജുഡീഷ്യൽ ഓഫീസർമാർക്കുള്ള ക്വാർട്ടേഴ്സും സ്ഥാപിക്കുന്നതിനായി കൈമാറ്റം ചെയ്യാൻ ആവശ്യപ്പെട്ടിട്ടുണ്ട്. മുൻഗണനാലിസ്റ്റ് പ്രകാരം കോടതി സ്ഥാപിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ കൈക്കൊള്ളാവുന്നതാണ്. |

സെക്ഷൻ ഓഫീസർ